ഫിഷ് ലാന്റിംഗ് സെന്ററുകളുടെ നിർമ്മാണം

*11 [41] ശ്രീ. കെ. എ. ചന്ദ്രൻ:
,, പ്രയാർ ഗോപാലകൃഷ്ണൻ:
,, ടി. എൻ. പ്രതാപൻ:
,, എൻ. ഡി. അപ്പച്ചൻ:
,, ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഫിഷ് ലാന്റിംഗ് സെന്ററുകളുണ്ട്;

(ബി) 2004-2005 സാമ്പത്തിക വർഷത്തിൽ എത്രയെണ്ണം പുതുതായി നിർമ്മിക്കുവാനുദ്ദേശിക്കുന്നു;

(സി) നിലവിലുള്ള ഫിഷ് ലാന്റിംഗ് സെന്ററുകളിൽ എത്രയെണ്ണത്തിന് അറ്റകുറ്റപ്പണികൾ നടത്തേണ്ടതുണ്ട്;

(ഡി) ഫിഷ് ലാന്റിംഗ് സെന്ററുകളോട് ചേർന്ന് മത്സ്യ വിപണനം ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ അതിനുള്ള സൗകര്യം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. ഡൊമിനിക് പ്രസന്റേഷൻ):

(എ) യന്ത്രവൽകൃത ബോട്ടുകൾക്കായുള്ള 9 എണ്ണവും പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കായുള്ള 20 എണ്ണവും ഉൾപ്പെടെ സംസ്ഥാനത്ത് ആകെ 29 ഫിഷ്ലാന്റിംഗ് സെന്ററുകളുണ്ട്.

(ബി) ഒന്നിന് ഭരണാനുമതി നൽകിയിട്ടുണ്ട്. മറ്റൊന്ന് സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(സി) നിലവിലുള്ള എല്ലാ ഫിഷ് ലാന്റിംഗ് സെന്ററുകളുടേയും അറ്റകുറ്റപ്പണികൾ നടത്തേണ്ടതുണ്ട്.

(ഡി) പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടില്ല.

(ഇ) എല്ലാ ഫിഷ്ലാന്റിംഗ് സെന്ററുകളോടും ചേർന്ന് മത്സ്യ വിപണനം നടത്തുന്നതിനായി ഫിഷ് മാർക്കറ്റുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly